I.ഇ.ബി. XIIകേരള നിയമസഭ/XI-15

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 13, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയ നോട്ടീസ്**

ഭരണസ്തംഭനം

മി. സ്പീക്കർ: സംസ്ഥാനത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഭരണസ്തംഭനം സംബന്ധിച്ച് ബഹുമാനപ്പെട്ട കെ.എം. മാണി ഉൾപ്പെടെയുള്ള അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 22.06.2009-ൽ ഈ വിഷയം സഭയിൽ പരാമർശിക്കപ്പെടുകയും മറുപടിക്ക് ശേഷം അവതരണാനുമതി നിഷേധിക്കുകയും ചെയ്തിട്ടുള്ളതാണ്. ഒരേ വിഷയം തന്നെ വീണ്ടും അവതരിപ്പിക്കുന്നത് നിയമസഭാ നടപടി ചട്ടം അനുസരിച്ച് ശരിയല്ല; അങ്ങനെ കീഴ്‌വഴക്കവും ഇല്ല. അതുകൊണ്ട് ഈ പ്രശ്നം സഭയിൽ ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ജൂൺ 22-ാം തീയതി ഇല്ലാതിരുന്ന ചില പ്രശ്നങ്ങൾ ഇപ്പോഴുണ്ട്. ഭരണകക്ഷിയിൽപ്പെട്ടവർ

തെരുവിൽ നേരിട്ടടിക്കുകയാണ്. സ്വാശ്രയ ഫീസ് പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്യാൻ ഇടതുമുന്നണിക്കോ ക്യാബിനറ്റിനോ സാധിച്ചിട്ടില്ല. വിദ്യാർത്ഥി സംഘടനകൾ സമരരംഗത്താണ്. സുരക്ഷാ രംഗത്ത് ഗുരുതരമായ വീഴ്ചയാണ് വന്നിരിക്കുന്നത്. അതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യണം.

(അടിയന്തിരപ്രമേയം ഉന്നയിക്കുന്നതിന് അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റിലേക്ക് മടങ്ങിപ്പോകണമെന്നും സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അജണ്ടയിലെ അടുത്ത നടപടിയിലേക്ക് കടന്നു.)

**<u>ശ്രദ്ധക്ഷണിക്കൽ</u>**

<u>ആഫ്രിക്കൻ പായലും കുളവാഴയും നീക്കം ചെയ്യൽ</u>

<u>ശ്രീ. വി.എൻ. വാസവൻ</u>: വേമ്പനാട്ടുകായലിലും അതിനോടനുബന്ധിച്ചുകിടക്കുന്ന ജലാശയങ്ങളിലും വ്യാപിച്ചുകിടക്കുന്ന കുളവാഴ നശിപ്പിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ഇറിഗേഷൻ വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ):</u> വേമ്പനാട് കായലിലും അതിനോടനുബന്ധിച്ച് കിടക്കുന്ന ജലാശയങ്ങളിലും വ്യാപിച്ച് കിടക്കുന്ന ആഫ്രിക്കൻ പായലും കുളവാഴയും നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച്

ഡോ.എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ഇതിനായി ഒരു സമഗ്ര പദ്ധതി ആസൂത്രണം ചെയ്യണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന് ഏതാണ്ട് 30 കോടി രൂപ ചെലവ് വരും. കേന്ദ്ര പരിസ്ഥിതി വകുപ്പ് 15 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ കാർഷിക സർവ്വകലാശാലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആധുനിക സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

**ധനകാര്യം**

2009-2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം (123,99,46,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXI – മൃഗസംരക്ഷണം (142,71,65,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീര വികസനം (25,79,29,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.

<u>വിജയകുമാർ):</u> ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല)

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> പ്രധാന ധനാഭ്യർത്ഥനകളായ ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നിവയെക്കുറിച്ച് ചർച്ചചെയ്യാൻ പ്രതിപക്ഷം സഹകരിക്കാത്തത് ഖേദകരമാണ്. കേരളത്തിലെ ജനങ്ങളോട് നിഷേധാത്മകമായ സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ഈ വകുപ്പുകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 9.43-ന് പിരിഞ്ഞു.